ഖാദർ വധക്കേസിലെ പ്രതി ലത്തീഫിന് ജാമ്യം ലഭിച്ചതിൽ ഞെട്ടി പോലീസ്

ലത്തീഫ്

തളിപ്പറമ്പ: 39 കേസുകളിലെ പ്രതി. നിലവിൽ 19 കേസുകൾ. ഒരു കൊലക്കേസ്, ജില്ലാ പോലീസ് ചീഫ് ശിവവിക്രമിനെ വധിക്കാൻ ശ്രമിച്ചതും പരിയാരം എസ്.ഐ രാജനെ വധിക്കാൻ ശ്രമിച്ചതുമടക്കം നിരവധി വധശ്രമക്കേസുകളിൽ പ്രതി. ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടും പാസ്പോർട്ട് കണ്ടുകെട്ടിയിട്ടും വിദേശത്തേക്ക് കടന്നെന്ന് പോലീസ് പറയുന്ന കോരൻപീടികയിലെ എം.വി. അബ്ദുൾലത്തീഫിന് ഒരു കൊലക്കേസിലും അഞ്ച് വാറണ്ട് കേസിലും പയ്യന്നൂർ മജിസ്ട്രേട്ട് കോടതിയിൽ ഹാജരായ ഉടനെ ജാമ്യം ലഭിച്ചതിൽ ഞെട്ടിത്തരിച്ചിരിക്കുകയാണ് ജില്ലയിലെ പോലീസ്. വായാട്ടെ അബ്ദുൾ ഖാദറെ കൊന്ന കേസിലെ പ്രതിയായതോടെയാണ് ലത്തീഫ് നാടുവിട്ടത്. കഴിഞ്ഞ ഒരുവർഷത്തിലധികമായി ലത്തീഫിനെ പിടികൂടാൻ ജില്ലാ പോലീസിന്റെ ക്രൈംസ്ക്വാഡ് ശ്രമിക്കുന്നതിനിടയിലാണ് ഇന്നലെ ഉച്ചക്ക് 12 മണിയോടെ പയ്യന്നൂർ കോടതിയിൽ നാടകീയമായി കീഴടങ്ങിയത്. കൊലക്കേസിലും അഞ്ച് വാറണ്ട് കേസിലും ഉടൻ കോടതി ജാമ്യം നൽകി. ജാമ്യം നൽകുന്നതിനെ കോടതിയിൽ ഉണ്ടായിരുന്ന സർക്കാർ അഭിഭാഷകൻ എതിർത്തിട്ടുമില്ല. സർക്കാർ അഭിഭാഷകന്റെ അഭിപ്രായം കോടതി ചോദിച്ചില്ലെന്നതാണ് അറിയുന്നത്. ഖാദർ വധക്കേസിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിരുന്നു. ലത്തീഫിനെയും ഖാദറിന്റെ ഭാര്യ ഷെരീഫയെയും പിടികിട്ടാപ്പുള്ളികളായി കാണിച്ചാണ് പോലീസ് കുറ്റപത്രം സമർപ്പിച്ചത്. കൊലക്കേസായാലും കുറ്റപത്രം സമർപ്പിച്ചാൽ പ്രതിക്ക് മജിസ്ട്രേട്ട് കോടതിക്ക് ജാമ്യം നൽകാമെന്നാണ് നിയമം. ഇതാണ് ലത്തീഫിന് ജാമ്യം ലഭിക്കാൻ ഇടയാക്കിയത്. അഡ്വ. മുഹമ്മദ് അനീഫ, അഡ്വ. ഫാത്തിമ എന്നിവർ മുഖേനയാണ് ലത്തീഫ് കോടതിയിൽ കീഴടങ്ങിയത്.

അതേസമയം താൻ വിദേശത്തേക്ക് പോയിട്ടില്ലെന്നും തമിഴ്നാട്ടിൽ ഒളിവിൽ കഴിയുകയായിരുന്നെന്നുമാണ് ലത്തീഫ് അടുത്ത സുഹൃത്തുക്കളോട് പറഞ്ഞത്.

ഇന്നലെ ലത്തീഫ് കോടതിയിൽ കീഴടങ്ങുമെന്ന അഡ്വ. ഹനീഫ കഴിഞ്ഞ മാസം തന്നെ കോടതിയിൽ അറിയിച്ചിരുന്നു. അഞ്ച് കേസുകളിൽ ജാമ്യക്കാർക്ക് കോടതി പിഴ വിധിക്കാൻ തുനിഞ്ഞപ്പോഴാണ് അഭിഭാഷകൻ എല്ലാ കേസുകളും അഞ്ചിന് വെക്കണമെന്നും അന്ന് ലത്തീഫ് കോടതിയിൽ ഹാജരാകുമെന്നും പറഞ്ഞത്. ഇത് പോലീസിന്റെ സാന്നിദ്ധ്യത്തിലാണ് അഭിഭാഷകൻ പറഞ്ഞതെന്നതാണ് രസകരമായ കാര്യം.

മൊത്തം 19 കേസുകൾ; 14 എണ്ണം പരിയാരത്ത്

39 ഓളം കേസുകളിൽ ലത്തീഫ് പ്രതിയായിട്ടുണ്ട്. അതിൽ 14 കേസുകളിൽ നേരത്തെ വെറുതെ വിട്ടതിൽ പലതും ഒത്തുതീർത്തതാണ്. ഇതിൽ പലതും രാഷ്ട്രീയ സംഘട്ടനകേസുകളാണ്. മുസ്ലിംലീഗിന്റെ സജീവ പ്രവർത്തകനായിരുന്ന കോരൻപീടികയിലെ ലത്തീഫ്. പിന്നീട് പാർട്ടി ഇയാളെ പുറത്താക്കിയിരുന്നു. നിലവിൽ പരിയാരം സ്റ്റേഷനിൽ 14 കേസുകളും തളിപ്പറമ്പിൽ അഞ്ച് കേസുകളുമാണ് വിചാരണ നേരിട്ട് കിടക്കുന്നത്.

2009 ജനുവരി 31ന് കോരൻപീടികയിലെ പരിയാരം സർവ്വീസ് ബാങ്ക് ശാഖയിൽ അതിക്രമിച്ച് കയറി സി.പി.എം പ്രവർത്തകനായ മൂസയെ അടിച്ച് പരിക്കേൽപ്പിക്കുകയും ബാങ്കിന്റെ കൗണ്ടറിന് തീയിടുകയും ചെയ്ത കേസിൽ പ്രതിയാണ്. ഇതേ ദിവസം ലത്തീഫടക്കം 50 പേർ പോലീസിനെ അക്രമിക്കുകയും പോലീസ് ജീപ്പ് തകർക്കുകയും ചെയ്തതായാണ് മറ്റൊരു കേസ്. അന്നേ ദിവസം തന്നെ കോരൻപീടികയിലെ സി.പി.എം കുടുംബത്തെ വീട്ടിൽ അതിക്രമിച്ച് കയറി മർദിച്ച കേസിലും പ്രതിഭ ക്ലബ് തീയിട്ട് നശിപ്പിച്ച കേസിലും വിചാരണ നേരിടുകയാണ് ലത്തീഫ്. 2009 ഒക്ടോബർ 25ൽ ലത്തീഫ് മറ്റ് 13 പേരോടൊപ്പം കോരൻപീടികയിലെ യുവധാര ക്ലബിൽ വച്ച് സി.പി.എം പ്രവർത്തകനെ അടിച്ച് പരിക്കേൽപ്പിക്കുകയും ക്ലബ് അടിച്ച് തകർക്കുകയും ചെയ്തു.

2010 മെയ് 29ന് സി.പി.എം- ഐ.യു.എം.എൽ സമ്മേളനത്തിനിടക്ക് പോലീസിനെ ബോംബെറിഞ്ഞ കൊല്ലാൻ ശ്രമിച്ച കേസും നിലവിലുണ്ട്. തൊട്ടടുത്ത ദിവസം കോരൻപീടികയിലെ സി.പി.എം അനുഭാവിയുടെ വീട് തകർത്ത കേസ്, മറ്റൊരു വീട്ടിൽ നിന്ന് ആറ് പവൻ സ്വർണ്ണം കവർന്ന കേസിലും ലത്തീഫ് പ്രതിയാണ്. 2010 മെയ് 29ന് കോരൻപീടികയിലെ സി.പി.എം പ്രവർത്തകന്റെ വീട്ടിൽ അതിക്രമിച്ച് കയറി രണ്ട് ലക്ഷം രൂപയുടെ നഷ്ടം വരുത്തിയതിനാണ് വേറൊരു കേസ്. 2010 മെയ് 31ന് പരിയാരം സെൻട്രലിലെ സൂപ്പർ മാർക്കറ്റിൽ അതിക്രമിച്ച് കയറി മറ്റ് പ്രതികളോടൊപ്പം മൂന്ന് ലക്ഷം രൂപയുടെ അനാദി സാധനങ്ങൾ കടത്തിക്കൊണ്ടുപോവുകയും രണ്ട് ലക്ഷം രൂപയുടെ സാധനങ്ങൾ തീയിട്ട് നശിപ്പിക്കുകയും ചെയ്തതിന് കേസ് നിലവിലുണ്ട്. അന്നേ ദിവസം തന്നെ സി.പി.എം അനുഭാവിയുടെ വീട്ടിൽ അതിക്രമം നടത്തിയത്തിന് മറ്റൊരു കേസും നിലവിലുണ്ട്.

2014 ജൂൺ ആറിന് കോരൻ പീടികയിൽ വെച്ച് യുവാവിനെ വധിക്കാൻ ശ്രമിച്ചതിനും കേസ് നിലവിലുണ്ട്. 2015 ജനുവരി 20ന് പൊയിൽ പൂഴി കടത്താൻ ശ്രമിച്ച കേസിലും ഫിബ്രുവരി രണ്ടിന് പരാതി അന്വേഷിക്കാൻ എത്തിയ ജില്ലാ പോലീസ് ചീഫിന്റെ ഷാഡോ പോലീസിനെ വധിക്കാൻ ശ്രമിച്ച കേസിലും പ്രതിയാണ്. ഇതിന് പുറമെയാണ് പരിയാരം എസ്.ഐ രാജനെ ലോറിയിൽ തട്ടിക്കൊണ്ടുപോയി വധിക്കാൻ ശ്രമിച്ച കേസ്.

ഏറ്റവും ഒടുവിൽ 2017 ജനുവരി 25ന് പുലർച്ചെ ബക്കളത്തെ വീട്ടിൽ നിന്നും അബ്ദുൾഖാദറെ തട്ടിക്കൊണ്ടുവന്ന് വായാട്ട് വച്ച് അടിച്ചുകൊന്ന കേസ്. ഇതിൽ പല കേസുകളിലും വാറണ്ട് നിലവിൽ ഇരിക്കെയാണ് ഇന്നലെ കോടതിയിൽ ഹാജരായി എല്ലാ കേസിലും ജാമ്യം നേടിയത്.

കൊല്ലപ്പെട്ട ഖാദറിന്റെ ഭാര്യയും ജാമ്യം നേടി

തളിപ്പറമ്പ: ബക്കളത്തെ ഖാദറെ തട്ടിക്കൊണ്ടുവന്ന് വായാട് വച്ച് ക്രൂരമായി തല്ലിക്കൊന്ന കേസിൽ ഭാര്യ ഷെരീഫക്ക് പയ്യന്നൂർ മജിസ്ട്രേട്ട് കോടതി ജാമ്യം നൽകി. അഡ്വ. ഷിമ മുഖേന ഷെരീഫ കോടതിയിൽ കീഴടങ്ങിയപ്പോഴാണ് ജാമ്യം നൽകിയത്. കേസിൽ ഏറ്റവും ഒടുവിൽ ആണ് ഷെരീഫയെ പ്രതിയാക്കിയത്. ബക്കളത്തെ വീട്ടിൽ ഖാദർ എത്തിയ വിവരം പ്രതികളെ ഫോൺ വഴി അറിയിക്കുകയും പ്രതികളുമായി ഷെരീഫ ഗൂഢാലോചന നടത്തുകയും ചെയ്തതിന് ശാസ്ത്രീയ തെളിവുകൾ ലഭിച്ചതിനെ തുടർന്നാണ് ഇവരെ പ്രതിയാക്കിയത്. തളിപ്പറമ്പ ഡി.വൈ.എസ്.പി കെ.വി. വേണുഗോപാലന്റെ നേതൃത്വത്തിൽ ആദ്യം സി.ഐ കെ.ഇ. പ്രേമചന്ദ്രനും പിന്നീട് സി.ഐ പി.കെ. സുധാകരനുമാണ് കേസ് അന്വേഷിച്ചത്.

വിവാഹ വാഗ്ദാനം നൽകി പീഡനം; കെ.എസ്.ആർ.ടി.സി ഡ്രൈവർ അറസ്റ്റിൽ

പയ്യന്നൂർ: വിവാഹ വാഗ്ദാനം നൽകി യുവതിയെ വർഷങ്ങളോളം വിവിധ സംസ്ഥാനങ്ങളിൽ കൊണ്ടുപോയി ലൈംഗിക പീഡനത്തിനിരയാക്കിയ കെ.എസ്.ആർ.ടി.സി ഡ്രൈവറെ പോലീസ് അറസ്റ്റ് ചെയ്തു. തിരുവനന്തപുരം കാട്ടാക്കട ഡിപ്പോയിൽ ഡ്രൈവറായ ഏര്യം തെന്നത്തെ അഷ്റഫിനെയാണ് (38) സി.ഐ കെ.വിനോദ്കുമാർ അറസ്റ്റ് ചെയ്തത്. തിരുവനന്തപുരത്ത് പിടിയിലായ ഇയാളെ പയ്യന്നൂരിലെത്തിച്ച് ഇന്ന് രാവിലെയാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. രാമന്തളി എട്ടിക്കുളം സ്വദേശിയായ മുപ്പത്കാരിയെ അഞ്ച് വർഷക്കാലമായി തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലും പയ്യന്നൂരിലെ ലോഡ്ജിലും പാർപ്പിച്ച് ലൈംഗികമായി പീഡിപ്പിച്ചുവെന്നാണ് കേസ്. സ്വർണാഭരണങ്ങൾ കൈക്കലാക്കി വഞ്ചിച്ചുവെന്നും പരാതിയുണ്ട്. പയ്യന്നൂർ ഡിപ്പോയിൽ ഡ്രൈവറായി ജോലി നോക്കവെയാണ് യുവതിയുമായി അടുപ്പത്തിലായത്. സമാനരീതിയിൽ മറ്റൊരു പരാതിയും ഇയാൾക്കെതിരെ ഉയർന്നിട്ടുണ്ടെന്ന് പോലീസ് പറഞ്ഞു. പ്രതിക്ക് ഭാര്യയും നാല് മക്കളുമുണ്ട്. പീഡനത്തിനിരയായ യുവതിയുടെ രഹസ്യമൊഴി ഇന്നലെ ജുഡീ. ഒന്നാം ക്ലാസ് മജിസ്ട്രേട്ട് രേഖപ്പെടുത്തിയിരുന്നു.

തോമസ് ചാണ്ടിക്കെതിരായ കേസ്; ഹൈക്കോടതി റജിസ്ട്രാറോട് വിശദീകരണം തേടി

കൊച്ചി: മുൻ മന്ത്രി തോമസ് ചാണ്ടിക്കെതിരായ വിജിലൻസ് കേസ് റദാക്കണമെന്ന ഹരജി പരിഗണനയ്ക്കുവന്നതിനെച്ചൊല്ലി ഹൈക്കോടതി റജിസ്ട്രാർക്ക് സിംഗിൾ ബെഞ്ചിന്റെ രൂക്ഷ വിമർശനം. റജിസ്ട്രാർ, ഡപ്യൂട്ടി റജിസ്ട്രാർ എന്നിവരോട് ഉച്ചയ്ക്ക് നേരിട്ട് ഹാജരാകാൻ കോടതി നിർദേശം നൽകി. കേസ് റദാക്കണമെന്ന ഹരജി ഇന്ന് പരിഗണനയ്ക്ക് വന്നത് മുൻകൂട്ടി നിശ്ചയിച്ച ലിസ്റ്റ് പ്രകാരമായിരുന്നില്ല. എന്തുകൊണ്ട് കേസ് ലിസ്റ്റ് ചെയ്യപ്പെട്ടില്ലെന്ന് വിശദീകരിക്കാനാണ് രജിസ്ട്രാറെ നേരിട്ട് വിളിച്ചുവരുത്തിയത്. കോട്ടയം വിജിലൻസ് കോടതി തോമസ് ചാണ്ടിക്കെതിരേ കൈക്കൊണ്ട നടപടികൾ റദാക്കണമെന്നായിരുന്നു ഹരജി. ലിസ്റ്റ് ചെയ്യപ്പെടാത്ത ഹരജികൾ പരിഗണനയ്ക്ക് വരുന്നത് വെച്ചുപൊറുപ്പിക്കാനാവുന്നതല്ലെന്ന് ജസ്റ്റിസ് വി.സുരേന്ദ്രകുമാർ ചൂണ്ടിക്കാട്ടി. ഇക്കാര്യം അഭിഭാഷകരെയും കോടതി അറിയിച്ചു. തോമസ് ചാണ്ടിക്കെതിരായ കേസ് ഉച്ചതിരിഞ്ഞ് 1.45ന് പരിഗണിക്കാനിരിക്കെയാണ് അതിനുമുമ്പായി റജിസ്ട്രാറോട് വിശദീകരണം തേടിയത്.

മദ്യലഹരിയിൽ എസ്.ഐയെ കയ്യേറ്റം ചെയ്ത യുവാവ് അറസ്റ്റിൽ

പാനൂർ: മദ്യലഹരിയിൽ ബൈക്ക് മറിഞ്ഞ് വീണുകിടന്ന യുവാവിനെ രക്ഷിക്കാനെത്തിയ എസ്.ഐക്ക് നേരേ കയ്യേറ്റ ശ്രമം. കൺട്രോൾ റൂം എസ്.ഐ മാത്യുവിന്റെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയതിന് മൊകേരി വള്ളങ്ങാട്ടെ പോതിയോട്ട് രാജേഷ് (40)നെ പാനൂർ പോലീസ് അറസ്റ്റ് ചെയ്തു. ഇന്നലെ വൈകീട്ട് നാല് മണിയോടെ വള്ളങ്ങാട് റോഡിലായിരുന്നു സംഭവം. മദ്യലഹരിയിൽ ബൈക്കിൽ പോകുന്നതിനിടെ റോഡിൽ മറിഞ്ഞുവീണ് കിടന്ന രാജേഷിനെ അതുവഴി വന്ന എസ്.ഐ പിടിച്ചെഴുന്നേൽപ്പിക്കവെയാണത്രെ കയ്യേറ്റം. തുടർന്നാണ് ഇയാളെ പോലീസ് കസ്റ്റഡിയിലെടുത്തത്.

ബാഗ് കടയിൽ പീഡനശ്രമം; കടയുടമ അറസ്റ്റിൽ

പാനൂർ: ബാഗ് നന്നാക്കാൻ കടയിലെത്തിയ പെൺകുട്ടിയെ കയറിപ്പിടിച്ച വിരുതൻ അറസ്റ്റിലായി. കൈവേലിക്കലിലെ ചങ്ങരത്താംകണ്ടി സജു (42)വിനെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. ഇന്നലെ ഉച്ചതിരിഞ്ഞായിരുന്നു സംഭവം. പ്ലസ്ടു പൂർത്തിയാക്കിയ 17 കാരിയാണ് പീഡനശ്രമത്തിനിരയായത്. ബാഗ് റിപ്പയർ സെന്റർ നടത്തിപ്പുകാരനായ സജു തനിച്ച് കടയിലുള്ളപ്പോൾ ബാഗ് നന്നാക്കിക്കാനായി കയറിച്ചെന്നതായിരുന്നു പെൺകുട്ടി. ഇയാൾ കയറിപ്പിടിച്ചതോടെ പെൺകുട്ടി നിലവിളിക്കുകയായിരുന്നു. തുടർന്ന് നാട്ടുകാർ വിവരം നൽകിയതനുസരിച്ചാണ് അറസ്റ്റ് ചെയ്തത്.

പ്ലസ്വൺ വിദ്യാർത്ഥിനിയെ മാനഭംഗപ്പെടുത്താൻ ശ്രമം; പ്ലസ്ടു വിദ്യാർത്ഥിക്കെതിരേ കേസ്

ശ്രീകണ്ഠപുരം: മലയോരത്തെ ഹയർസെക്കണ്ടറി സ്കൂളിൽ പ്ലസ്വൺ വിദ്യാർത്ഥിനിയെ മാനഭംഗപ്പെടുത്തിയതിന് പ്ലസ്വൺ വിദ്യാർത്ഥിക്കെതിരേ പോലീസ് കേസെടുത്തു. വീടിനടുത്ത പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ചതിനാണ് കേസ്. പെൺകുട്ടിയുടെ രക്ഷിതാവാണ് പോലീസിൽ പരാതിപ്പെട്ടത്. വിദ്യാർത്ഥിനിയുടെ വീട്ടിൽ കഴിഞ്ഞ ദിവസം മറ്റാരുമില്ലാത്തപ്പോൾ കയറിച്ചെന്ന് മാനഭംഗപ്പെടുത്താൻ ശ്രമിക്കുകയായിരുന്നുവത്രെ. പെൺകുട്ടി തന്നെയാണ് ഇക്കാര്യം വീട്ടുകാരെ അറിയിച്ചത്.

സി.പി.എം–ലീഗ് സംഘട്ടനം; 4 പേർക്ക് പരിക്ക്

കാഞ്ഞങ്ങാട്: കല്ലൂരാവിയിൽ സി.പി.എം- മുസ്ലിംലീഗ് പ്രവർത്തകർ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ നാലുപേർക്ക് പരിക്കേറ്റു. സി.പി.എം പ്രവർത്തകൻ അബ്ദുൾ വാഹിദിനെ (22) ഗുരുതര നിലയിൽ പരിയാരം മെഡിക്കൽ കോളേജാശുപത്രിയിലും മുസ്ലിം ലീഗുകാരായ തമീം (21), തഹീർ (23), സാജർ (23) എന്നിവരെ കാഞ്ഞങ്ങാട്ടെ സ്വകാര്യാശുപത്രിയിലും പ്രവേശിപ്പിച്ചു. ഇന്നലെ വൈകീട്ടായിരുന്നു സംഘട്ടനം. നേരത്തെ കല്ലൂരാവി - കടപ്പുറം റോഡിന്റെ ഉദ്ഘാടനം നഗരസഭ ചെയർമാൻ നിർവഹിക്കാനിരിക്കെ അതിനുമുമ്പ് കൗൺസിലറെ കൊണ്ട് മുസ്ലിംലീഗുകാർ റോഡ് ഉദ്ഘാടനം ചെയ്യിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട വിവാദത്തിന്റെ തുടർച്ചയാണ് സംഘട്ടനം. ഇരുവിഭാഗത്തിനുമെതിരെ പോലീസ് കേസെടുത്തു.

അഞ്ച് എസ്.എഫ്.ഐക്കാർക്കെതിരെ കേസ്

ആലക്കോട്: ആലക്കോട് മേരിമാതാ കോളേജിലെ കെ.എസ്.യു യൂണിറ്റ് പ്രസിഡണ്ട് ബിബിൻ ബാബുവിനെ ആക്രമിച്ചുവെന്ന പരാതിയിൽ എസ്.എഫ്.ഐ പ്രവർത്തകരായ അഭിലാഷ്, ആകാശ്, ഷോബിൻ, ജോമിൻസ്, ജോബിൻസ് എന്നിവർക്കെതിരെ പോലീസ് കേസെടുത്തു.

നബാർഡ്
തളിപ്പറമ്പ നിയോജകമണ്ഡലം
നീർത്തടവികസന

തളിപ്പറമ്പ് സമൃദ്ധി നീർത്തട ശില്പശാല ജയിംസ് മാത്യു എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

സമൃദ്ധി ശില്പശാല സംഘടിപ്പിച്ചു

തളിപ്പറമ്പ: കില, നബാർഡ്, മണ്ണ് പര്യവേഷണ വകുപ്പ്, കർഷക ക്ഷേമവകുപ്പ്, വനം വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ തളിപ്പറമ്പ് മണ്ഡലത്തിൽ സമൃദ്ധി നീർത്തട വികസന ശില്പശാല സംഘടിപ്പിച്ചു. ജയിംസ് മാത്യു എം.എൽ.എ, ഐ.ടി വകുപ്പ് സെക്രട്ടറി കെ.ശിവശങ്കരൻ, കില ഡയരക്ടർ ഡോ. ജോയ് ഇളമൻ, നബാർഡ് എ.ജി.എം എസ്. എസ്.നാഗേഷ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി.ലത സംസാരിച്ചു. പത്ത് വർഷത്തിനുള്ളിൽ മണ്ഡലത്തിൽ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്ന രീതിയിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളുടെ മുന്നോടിയായാണ് ശിൽപശാല സംഘടിപ്പിച്ചത്.

വൈദ്യുതി നിരക്ക് വർധിപ്പിക്കും: മന്ത്രി മണി

തിരുവനന്തപുരം: സംസ്ഥാനത്ത് വൈദ്യുതി നിരക്ക് ഉടൻ വർധിപ്പിക്കുമെന്ന് വൈദ്യുതി വകുപ്പ് മന്ത്രി എം.എം.മണി അറിയിച്ചു. ഇക്കാര്യത്തിൽ റഗുലേറ്ററി അതോറിറ്റിയാണ് അന്തിമ തീരുമാനമെടുക്കേണ്ടത്.

രാത്രിയിൽ യുവതിയുമായി അവിഹിതത്തിനെത്തിയ യുവാവിനെ കൈകാര്യം ചെയ്തു

തളിപ്പറമ്പ: പൂട്ടിയിട്ട വീട്ടിൽ രാത്രിയിൽ യുവതിയെയും കൊണ്ടുവന്ന യുവാവിനെ നാട്ടുകാർ കൈകാര്യം ചെയ്തു. ധർമ്മശാലക്കടുത്തുള്ള ഒരു വീട്ടിൽ ഇന്നലെ രാത്രിയാണ് ചെറുകുന്ന് മടക്കര സ്വദേശി സുബീഷ് എന്ന യുവാവ് പെൺകുട്ടിയെയും കൊണ്ടുവന്നത്. പൂട്ടിയ വീട് ഇയാളുടെ സുഹൃത്തിന്റേതാണ്. താക്കോൽവെക്കുന്ന സ്ഥലം ഇയാൾക്കറിയാമായിരുന്നു. രാത്രിയിൽ യുവതിക്കൊപ്പം വന്ന ഇയാൾ വീട് തുറന്ന് അകത്തു കയറിയിരുന്നു. തൊട്ടടുത്ത വീട്ടിലെ താമസക്കാരുടെ ശ്രദ്ധയിൽപ്പെട്ടതോടെ ഇവർ ഓടി രക്ഷപ്പെടാൻ ശ്രമിക്കുകയായിരുന്നു. ഇതിനിടെ നാട്ടുകാർ പിടികൂടി യുവാവിനെ കൈകാര്യം ചെയ്തു. തുടർന്ന് അയൽവാസികൾ തളിപ്പറമ്പ് എസ്.ഐ ദിനേശനെ വിവരമറിയിച്ചു. സുബീഷിനോട് സ്റ്റേഷനിൽ ഹാജരാകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

താൻ വിവാഹം കഴിക്കാൻ തീരുമാനിച്ച പെൺകുട്ടിയാണ് കൂടെയുണ്ടായിരുന്നതെന്നും സുഹൃത്തിന്റെ സമ്മതത്തോടെയാണ് വീട്ടിലെത്തിയതെന്നുമാണ് ഇയാളുടെ വിശദീകരണം.

ചരമം

നാരായണി

പയ്യാവൂർ: അരീക്കമലയിലെ മൂത്തേടത്ത് കുഞ്ഞമ്പുവിന്റെ ഭാര്യ നാരായണി (56) നിര്യാതയായി. മക്കൾ: അജിത (വാതിൽമട), അനിത (മണ്ണംകുണ്ട്), അനീഷ്. മരുമക്കൾ: മോഹനൻ, മണി.

ബാലകൃഷ്ണൻ

തളിപ്പറമ്പ: പൂക്കോത്ത്തെരു സ്വദേശിയും പട്ടുവം വെള്ളിക്കീൽ ജംഗ്ഷനിൽ താമസക്കാരനുമായ പരണേൽ ബാലകൃഷ്ണൻ (65) നിര്യാതനായി. ഭാര്യ: പത്മാവതി. മക്കൾ: സബിത, ബൈജു. മരുമകൻ: വിജേഷ് (കമ്പിൽ). സഹോദരങ്ങൾ: രാമകൃഷ്ണൻ (പൂക്കോത്ത്തെരു), നാരായണൻ (ഡൽഹി).

ഗോപാലൻ

കുറ്റിക്കോൽ: ആദ്യകാല സി.പി.ഐ പ്രവർത്തകൻ കുറ്റിക്കോലിലെ പി.പി.ഗോപാലൻ (95) നിര്യാതനായി. ഭാര്യ: നാരായണി. മക്കൾ: ചന്ദ്രമതി, രേണുക (ആർ.ഡി.ഒ ഓഫീസ് തലശേരി), വിനോദിനി, സുനില. മരുമക്കൾ: ഭാസ്കരൻ (നെല്ലിയോട്), രാജേന്ദ്രൻ (കോഴിക്കോട്), മണി (പുളിമ്പറമ്പ്), ശ്രീജിത്ത് (തളാപ്പ്, ഫോട്ടോഗ്രാഫർ). സഹോദരങ്ങൾ: ഭാസ്കരൻ, മാധവി (ഇരുവരും മോറാഴ).

ജോസഫ്

ആലക്കോട്: തേർത്തല്ലി പനംകുറ്റിയിലെ ആദ്യകാല കുടിയേറ്റ കർഷകൻ ഇല്ലിക്കൽ ജോസഫ് (കുഞ്ഞേപ്പ്-92) നിര്യാതനായി. ഭാര്യ: ചേർപ്പുങ്കൽ അരീച്ചിറക്കുന്നേൽ കുടുംബാംഗം മറിയം. മക്കൾ: ഏലിയാമ്മ, ജോയി (ഇല്ലിക്കൽ ട്രാവൽസ്, ആലക്കോട്), ചിന്നമ്മ, മേരി, ത്രേസ്യാമ്മ, റോസമ്മ, മോളി. മരുമക്കൾ: ജോസഫ് ചാമക്കാല (തിരുമേനി), ലിസി കൊല്ലക്കൊമ്പിൽ, ജോയി തണ്ണിപ്പാറ (ഇരുവരും കാപ്പിമല), തോമസ് ചോഴമാക്കൽ (നെല്ലിപ്പാറ), ബിനോയി തുമ്പമറ്റത്തിൽ (വെള്ളാട്), പരേതനായ ജോർജ് ഇടപ്പള്ളിക്കുന്നേൽ (തേർത്തല്ലി).

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന് : 2,840
പവന് :22,720
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്,
ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

2017–18 വർഷത്തെ AITES പരീക്ഷയിൽ
83 ഫസ്റ്റ് ക്ലാസ്സ് നേടി വീണ്ടും സംസ്ഥാനത്ത് ഒന്നാമത്...
പഴശിരാജ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്
(ഗവ.അംഗീകൃതം) മന്ന, തളിപ്പറമ്പ Ph: 0460 2207704 Mob: 9495062052, 9447685934
ദ്വിവത്സര എഞ്ചിനീയറിംഗ് കോഴ്സുകൾ
• ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ്
• ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്
അപേക്ഷാ ഫോറത്തിനും വിശദാംശങ്ങൾക്കും കോളേജ് ഓഫീസുമായി ബന്ധപ്പെടുക
• ബസ്സ് യാത്ര കൺസഷൻ ലഭ്യമാണ് (KSRTC ഉൾപ്പെടെ) •
MBA, B-Tech, Diploma, Ex-Service യോഗ്യതയുള്ളവരെ ആവശ്യമുണ്ട്

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 214 RNI Reg.No.KER MAL/2007/22043